Mathrubhoomi, 8.1.2016

## മകരവിളക്കും ഉപരാഷ്ട്രപതിയുടെ സന്ദർശനവും

# പത്ത് കമ്പനി കേന്ദ്രസേനയെ ആവശ്യപ്പെട്ടു- മന്ത്രി ചെന്നിത്തല

**ശബരിമല:** മകരവിളക്ക്, ഉപരാഷ്ട്രപതിയുടെ കേരള സന്ദർശനം എന്നിവ കണക്കിലെടുത്ത് 10 കമ്പനി കേന്ദ്രസേനയെ ആവശ്യപ്പെട്ടതായി മന്ത്രി രമേശ് ചെന്നിത്തല. ശബരിമലയിൽ സുരക്ഷാ വീഴ്ചയുണ്ടാകാതിരിക്കാൻ എല്ലാക്രമീകരണങ്ങളും എടുത്തതായി സന്നിധാനത്ത് പത്രസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

പഠാൻകോട്ട് സംഭവത്തിന്റെ പശ്ചാത്തലത്തിൽ രാജ്യത്തൊട്ടാകെയുള്ള ജാഗ്രതാനിർദ്ദേശം ശബരിമലയിലുമുണ്ട്. മറ്റുതരത്തിലുള്ള സുരക്ഷാ ഭീഷണിയൊന്നുമില്ല. കേന്ദ്രസേനയെ ആവശ്യപ്പെട്ട് കേന്ദ്രത്തിന് കത്ത് എഴുതിയിട്ടുണ്ട്. മകരവിളക്ക് കാണാൻ കെട്ടിടങ്ങളുടെയും മരങ്ങളുടെയും മുകളിൽക്കയറി നിൽക്കുന്നത് തടയാൻ ഒരു ഡിവൈ.എസ്.പി.യുടെ ചുമതലയിൽ സ്ക്വാഡ് ഉണ്ടാകും. പുല്ലുമേട് ദുരന്തത്തിന്റെ അന്വേഷണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് തുടർ നടപടികൾ എടുത്തിട്ടുള്ളത്.

പോക്കറ്റടി, മോഷണം എന്നിവ തടയാൻ ഒരു സി.ഐ.യുടെ നേതൃത്വത്തിൽ ആന്ധ്ര, കർണാടക, തമിഴ്നാട് പോലീസുകാരെ ഉൾപ്പെടുത്തി സ്പെഷൽ പോലീസിനെ ചുമതലപ്പെടുത്തും. ശനിയാഴ്ച 30 ഡിവൈ.എസ്.പി.മാർ, 60 സി.ഐ.മാർ, 230 എസ്.ഐ.മാർ, 2600 കോൺസ്റ്റബിൾമാർ എന്നിവരടങ്ങുന്ന സംഘം ശബരിമലയിൽ ചുമതലയേൽക്കും. പുല്ലുമേട്, പാഞ്ചാലിമേട് എന്നിങ്ങനെ മകരവിളക്കിന് തീർഥാടകർ തങ്ങുന്ന സ്ഥലങ്ങളിലെല്ലാം പ്രത്യേകസുരക്ഷയുണ്ട്. കൂടാതെ ആർ.എഫ്., എൻ.ഡി.ആർ.എഫ്. വിഭാഗങ്ങളും സന്നിധാനത്ത് സുരക്ഷാ ജോലിക്കുണ്ട്.

നോഡൽ ഓഫീസർ എ.ഡി.ജി.പി. കെ.പത്മകുമാറിനാണ് സുരക്ഷയുടെ പൂർണ്ണ മേൽനോട്ടം. കഴിഞ്ഞദിവസം ഡി.ജി.പി.യടക്കമുള്ള ഉദ്യോഗസ്ഥരുടെ യോഗംചേർന്ന് ക്രമീകരണങ്ങൾ വിലയിരുത്തിയതായി ചെന്നിത്തല പറഞ്ഞു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾറൂമിൽ തീർഥാടകർക്ക് സഹായം ലഭ്യമാക്കും. പോലീസ് ഹെൽപ്പ് ലൈനിന്റെ സേവനവും കിട്ടും.

വെർച്വൽ ക്യൂവിലൂടെ 16 ലക്ഷംപേർ അയ്യപ്പ ദർശനം നടത്തി. പോലീസുകാർക്ക് മെസ് കെട്ടിടത്തിന് പമ്പയിൽ തറക്കല്ലിട്ടു. സന്നിധാനത്തും സ്ഥലം കിട്ടുന്നമുറയ്ക്ക് കെട്ടിടസമുച്ചയം പണിയും. മേൽശാന്തിയുടെയും ദേവസ്വംബോർഡിന്റെയും പേരിൽ വ്യാജകാർഡുകൾ അച്ചടിച്ച് തട്ടിപ്പ് നടത്തുന്നതിനെപ്പറ്റി അന്വേഷിക്കാൻ അന്യസംസ്ഥാനപോലീസിന്റെ സഹായംകൂടി തേടുമെന്ന് ചെന്നിത്തല പറഞ്ഞു. സന്നിധാനം പോലീസ് സ്പെഷൽഓഫീസർ ഡോ.അരുൺ ആർ.ബി.കൃഷ്ണ, എൻ.ഡി.ആർ.എഫ്. ഡെപ്യൂട്ടി കമാൻഡന്റ് ജി.വിജയൻ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# കുന്നാർ അണക്കെട്ടിന്റെ ഉയരം കൂട്ടുന്നതിന് വനംവകുപ്പ് എതിരല്ല

**ശബരിമല:** കുന്നാർ അണക്കെട്ടിന്റെ ഉയരം കൂട്ടുന്നതിന് വനംവകുപ്പ് എതിരല്ലെന്ന് വനംമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ. ശബരിമലയിൽ മാധ്യമപ്രവർത്തകരുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം. ശബരിമലയിൽ കുടിവെള്ളം കിട്ടുന്ന പ്രധാന സ്രോതസ്സാണ് സന്നിധാനത്തുനിന്ന് എട്ടുകിലോമീറ്റർ അകലെ വനത്തിലുള്ള കുന്നാർ അണക്കെട്ട്. പോലീസ്സംരക്ഷണത്തിലാണിവിടം.

അണക്കെട്ടിന്റെ വികസനത്തിന് വനംവകുപ്പിന് യാതൊരു എതിർപ്പുമില്ല. ഉയരം കൂട്ടി കൂടുതൽ ജലം സംഭരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി കേന്ദ്രത്തിനു കത്തെഴുതിയിട്ടുണ്ട്. കേന്ദ്രമാണ് ഇനി തീരുമാനമെടുക്കേണ്ടത്-തിരുവഞ്ചൂർ പറഞ്ഞു.

രണ്ടു ഡാമിന്റെ ഉയരം കൂട്ടണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. കുന്നാറും പരപ്പാർ ഡാമുമാണിവ. തിരുവനന്തപുരത്തെ ജലക്ഷാമം പരിഹരിക്കുന്നതിനാണ് പരപ്പാറിന്റെ ഉയരം കൂട്ടുന്നത്.

